(ബി) 2011-2012 രണ്ടാം വിള മുതൽ 2012-13 ഒന്നാം വിള വരെ കിലോഗ്രാമിന് 15 രൂപയും, 2012-2013 രണ്ടാം വിളയ്ക്ക് കിലോഗ്രാമിന് 17 രൂപയും 2013-14 ഒന്നാം വിളയ്ക്ക് കിലോഗ്രാമിന് 18 രൂപയും, 2013-14 രണ്ടാം വിള മുതൽ 2014-15 രണ്ടാം വിള വരെ കിലോഗ്രാമിന് 19 രൂപ നിരക്കിലും താങ്ങുവില നല്കിയിട്ടുണ്ട്.

കൃഷി വിജ്ഞാന വ്യാപനം

97 (5446) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിലെ വിജ്ഞാന വ്യാപനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ചക്ക സംസ്കരണ യൂണിറ്റുകൾ

98 (5447) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചക്ക സംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ചക്ക സംസ്കരണം ശാസ്ത്രീയാടിസ്ഥാനത്തിൽ പ്രാവർത്തികമാക്കുന്നതിനായി വ്യാപകമായി സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly